പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2533 12/02/2020 - ൽ മറുപടിക്ക്

**പട്ടികജാതി/വർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ധനദുർവിനിയോഗവും അഴിമതിയും**

ചോദ്യം | മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സംസ്ഥാന പട്ടികജാതി/ വർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ധനദുർവിനിയോഗത്തിനെതിരെയും, അഴിമതികൾക്കും, എസ്.സി/എസ്.ടി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെതിരെയും ഫയൽ നം. സി.വി.ഇ. 18/2018 പ്രകാരം ആലപ്പുഴയിൽ പ്രവർത്തിക്കുന്ന സഹകരണ വിജിലൻസിനെ കൊണ്ട് അന്വേഷിക്കുന്നതിനു പട്ടികജാതി പട്ടിക വർഗ കമ്മീഷൻ ഉത്തരവ് നൽകിയത് പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; അന്വേഷണം തുടങ്ങിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | എ) | സഹകരണ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശ പ്രകാരം പട്ടികജനവിഭാഗ ക്ഷേമത്തിന് ലഭിക്കുന്ന ഫണ്ടുകൾ ടി ഫെഡറേഷൻ വകമാറ്റി ചെലഴിച്ചത് സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം, വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നു വരുന്നു. |
| ബി) | പേരൂർക്കട ആസ്ഥാനമായി പ്രവർത്തിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ ഇല്ലാത്ത തനത് | ബി) | പുതിയ വാഹനം വാങ്ങുന്നതിന് ഫെഡറേഷന്റെ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തി-നെതിരെ മാനേജിംഗ് ഡയറക്ടർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ടി വാഹനം വാങ്ങുന്നത് തനത് ഫണ്ട് |

| | | | |
|---|---|---|---|
| | ഫണ്ടിൽ നിന്നും പുതിയ വാഹനം വാങ്ങുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടോ;<br>ഭരണസമിതിയുടെ ഈ തീരുമാനത്തിനെതിരെ മാനേജിംഗ് ഡയറക്ടർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനേജിംഗ് ഡയറക്ടറുടെ എതിർപ്പ് അവഗണിച്ച് പ്ലാൻ ഫണ്ടിൽ നിന്നും വാഹനം വാങ്ങുന്നത് ചട്ടവിരുദ്ധമല്ലേ; ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>എസ്.സി/എസ്.ടി. സഹകരണ ഫെഡറേഷന്റെ 2018-2019 ലെ തനത് ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ? | | ചെലവഴിച്ചാണ് എന്നതിനാൽ ചട്ടവിരുദ്ധമല്ല. ടി ഫെഡറേഷന്റെ 2018-19 ലെ ആഡിറ്റ് പൂർത്തിയായിട്ടില്ല. ടി ഫെഡറേഷന്റെ താൽക്കാലിക കണക്ക പ്രകാരം 2018-19 വർഷം അംഗ സംഘങ്ങളുടെ ഓഹരിയിനത്തിൽ 33.60 ലക്ഷം രൂപയാണ് സംഘത്തിന്റെ തനത് ഫണ്ട്. |

**സെക്ഷൻ ഓഫീസർ**